(സി) പെൻഷൻ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ മതിയായ രേഖകളില്ലാതിരുന്നതിനാൽ അവ ലഭ്യമാക്കുന്നതിന് വകുപ്പദ്ധ്യക്ഷന് തിരിച്ചു നൽകിയിരിക്കുകയാണ്.

(ഡി) ആശ്രിത നിയമനത്തിന് സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ഒറിജിനൽ അവകാശ സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും ഹാജരാക്കാതിരുന്നതിനാൽ മേൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ശ്രീ. വിജയന്റെ ജി.പി.എഫ്., എൽ.ഐ.സി., ഫാമിലി ബനിഫിറ്റ് സ്കീം എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് കോഴിക്കോട് ഐ.ടി.ഐ.-യിൽ നടപടി എടുത്തുവരുന്നു.

(ഇ) പരേതനായ ശ്രീ. വിജയന്റെ ഭാര്യ ശ്രീമതി ബേബി ഗിരിജയാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(എഫ്) ഇവർക്ക് ജോലി നൽകുന്നതിന് അപേക്ഷയോടൊപ്പം അവകാശ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും മരണ സർട്ടിഫിക്കറ്റും ഹാജരാക്കാത്തതാണ് അപേക്ഷ പരിഗണിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം അനുവദിക്കുന്ന പെൻഷൻ

141 [905] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്" മുഖാന്തിരം അനുവദിക്കുന്ന പെൻഷൻ തുകയെത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ബോർഡ് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ ;

(സി) കർഷകത്തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ നൽകുന്നില്ല. എന്നാൽ തൊഴിൽ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രതിമാസം 120 രൂപ നിരക്കിൽ കർഷകത്തൊഴിലാളി പെൻഷൻ നൽകി വരുന്നുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് എന്നിവ നൽകി വരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly